പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.967 09.08.2017 ൽ മറുപടിയ്ക്ക്

പുതിയ മദ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്<br>ശ്രീ.എം.ഉമ്മർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | സർക്കാരിന്റെ പുതിയ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | 13.06.2017-ലെ G.O (MS) No.43/2017/TD. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതിയ അബ്കാരി നയം പ്രഖ്യാപിക്കുകയുണ്ടായി. കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കി വാർത്തെടുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സമ്പൂർണ്ണ മദ്യ നിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠന റിപ്പോർട്ടുകളിലെ ശുപാർശകൾ കണക്കിലെടുത്ത്, ചെറുപ്പക്കാർക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചത്. മദ്യത്തിന്റെ ലഭ്യതയിലുള്ള കർശനമായ നിയന്ത്രണങ്ങൾ സമാന്തര വ്യാജമദ്യ വിൽപ്പനയ്ക്കും മയക്ക്മരുന്ന് ഉപഭോഗത്തിന്റെ വർദ്ധനവിനും കാരണമാകുന്നുവെന്ന് കണ്ടാണ് സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചത്. |

| | | | |
|---|---|---|---|
| (ബി) | മദ്യലഭ്യത വർദ്ധിക്കുന്നതുമൂലം സമൂഹത്തിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് മതമേലദ്ധ്യക്ഷന്മാരും സാംസ്കാരിക പ്രവർത്തകരും അവരുടെ ആശങ്ക സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തിലെ ഇത്തരത്തിലുള്ള എല്ലാ വിഭാഗങ്ങളുടേയും ആശങ്കകൾ അകറ്റുന്നതിനു തകുന്ന വിധം മദ്യ വർജ്ജനത്തിലൂന്നി, വ്യാജമദ്യത്തിന്റേയും ലഹരി പദാർത്ഥങ്ങളുടേയും ഉപയോഗം പരമാവധി കുറയ്ക്കുന്നതിനുതകുന്ന പദ്ധതികൾ ഉൾക്കോളളിച്ചാണ് പുതിയ മദ്യനയം പ്രഖ്യാപിച്ചിട്ടുളളത്. |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | സമ്പൂർണ്ണ മദ്യ നിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠന റിപ്പോർട്ടുകളിലെ ശുപാർശകൾ കണക്കിലെടുത്ത്, ചെറുപ്പക്കാർക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചത്. മദ്യത്തിന്റെ ലഭ്യതയിലുള്ള കർശനമായ നിയന്ത്രണങ്ങൾ സമാന്തര വ്യാജമദ്യ വിൽപ്പനയ്ക്കും മയക്ക്മരുന്ന് ഉപഭോഗത്തിന്റെ വർദ്ധനവിനും കാരണമാകുന്നുവെന്ന് കണ്ട് സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചത്. ആയതിന് പൊതുസമൂഹത്തിൽ നിന്ന് വളരെ മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**